VII റൂളിംഗ്

എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് സംബന്ധിച്ച ധനാഭ്യർത്ഥനക്ക് ബന്ധപ്പെട്ട മന്ത്രിയുടെ മറുപടി

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. ഷൺമുഖദാസ് മറുപടിയിൽ പങ്കെടുത്ത് സംസാരിച്ച് തുടങ്ങിയപ്പോഴാണ് ഒരു ക്രമപ്രശ്നം ഉണ്ടായത്. അത് ചെയർ പരിശോധിച്ചു. സംശയം വന്നതുകൊണ്ട് ഞാൻ നിറുത്തിയതാണ്. നേരത്തെതന്നെ അറിയാമായിരുന്നു ഇവിടെ തുടർന്നുവരുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഉൾപ്പെടെ, അങ്ങ് തൊഴിൽവകുപ്പുമന്ത്രി ആയിരുന്നല്ലോ ; സഭയിൽ തുടർന്നുവരുന്ന ദീർഘനാളത്തെ പ്രാക്ടീസ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് എന്നുപറയുന്ന സംഗതി തൊഴിലിലാണ് വരുന്നത്. VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ഭാഗമായിട്ടുള്ളതാണ്. അങ്ങനെയാണ് ഈ സഭയിൽ സാധാരണ ചർച്ചചെയ്തുകൊണ്ടിരിക്കുന്നത്. തൊഴിലും തൊഴിലാളി ക്ഷേമവും എന്ന ഡിമാന്റിൽപ്പെടുന്നതായതുകൊണ്ട് പ്രത്യേകം അവതരിപ്പിക്കണ്ട. അതുകൊണ്ടാണ് അദ്ദേഹം അവതരിപ്പിക്കാത്തത്. പക്ഷെ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് എന്നത് പ്രധാനപ്പെട്ട ഒരു മേഖലയാണ്. അതുകൊണ്ടാണ് മറുപടിക്ക് ബഹുമാനപ്പെട്ട മന്ത്രി തയ്യാറായത്. ആ രീതിയിലുള്ള മറുപടി സാധാരണ എപ്പോഴും വരാറുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രിക്ക് സംസാരിക്കാം.

ശ്രീ. ജോണിനെല്ലൂർ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : നോ പോയിന്റ് ഓഫ് ഓർഡർ. ഇവിടെ തുർന്നുവരുന്ന കാര്യമാണ്. അതിൽനിന്നും അല്പം പോലും വ്യതിചലിച്ചിട്ടില്ല. പിന്നെ എന്താണ് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ക്രമപ്രശ്നമാണ്.

മി. സ്പീക്കർ : ഇവിടെ കഴിഞ്ഞ കാലംവരെ തുടർന്നുവരുന്ന കാര്യമാണ്. പിന്നെ എന്ത് ക്രമപ്രശ്നമാണ് ? പോയിന്റ് ഓഫ് ഓർഡറിന്റെ ആവശ്യമില്ല.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, 1980-ൽ ശ്രീ. ആര്യാടൻ മുഹമ്മദ് ലേബർ മിനിസ്റ്റർ ആയിരുന്നു. അന്ന് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഞാൻ കൊണ്ടുവന്നിരുന്നു. അന്ന് തുടർച്ച യായി എത്ര പ്രാവശ്യം ചർച്ച നടന്നതാണ്. ഇവിടെ പ്രതിപക്ഷത്തെ പ്രധാന വക്താവ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മനസ്സിൽ അടക്കം തൊഴിലില്ലാത്ത ചെറു പ്പക്കാരെ മറന്നു എന്നതാണ് വസ്തുത. തൊഴിലില്ലാത്ത ചെറുപ്പക്കാരെ നിങ്ങൾ മറന്നിരിക്കുന്നു. അതുകൊണ്ടാണ് നിങ്ങളാരും ചർച്ചയിൽ പങ്കെടുക്കാത്തത്. ശ്രീ. ബാബു ദിവാകരൻ, ശ്രീ. എം. വി. ജയരാജൻ, ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്, ശ്രീ. നാണുമാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു. ഇവിടെ ചർച്ച നടന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13 മാസത്തെ തൊഴിലില്ലായ്മാ വേതനം കുടിശ്ശികയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആദ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

3 വർഷക്കാലംകൊണ്ട് 39.95 കോടി രൂപ തൊഴിലില്ലായ്മ വേതനം നൽകിയപ്പോൾ ഈ ഗവൺമെന്റ് 73.14 കോടി രൂപ തൊഴിലില്ലായ്മാ വേതനം കൊടുത്തു കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൊഴിലില്ലായ്മവേതനം 70 രൂപ ആയിരുന്നത് ഇപ്പോൾ 100 രൂപയായി വർദ്ധിപ്പിച്ചു. കുടുംബത്തിന്റെ വരുമാനപരിധി 4,000 രൂപയിൽ നിന്ന് 12,000 രൂപയായി ഉയർത്തി. ഇവിടെ 'കെസറു' എന്ന പേരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് സെൽഫ് എംപ്ലോയ്മെന്റ് സ്കീം എന്ന രീതിയിൽ ഒരു പുതിയ പദ്ധതി കൊണ്ടുവന്നു. 24,000 രൂപ വരുമാനം ഉള്ളവർക്ക് 50,000 രൂപവരെ വായ്പ കൊടുക്കുവാനുള്ള ഒരു പദ്ധതിയാണ്. ആ പദ്ധതിയെ സംബന്ധിച്ച് ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് ജില്ലാ സ്റ്റേറ്റ് കമ്മിറ്റികൾ ഉണ്ട്, ലോക്കൽ കമ്മിറ്റികൾ വേണമെന്നാണ്. ഇപ്പോൾ ജില്ലാ സ്റ്റേറ്റ് കമ്മിറ്റിയാണ് രൂപീകരിച്ചത്. ലോക്കൽ കമ്മിറ്റി വേണമെന്നത് സംബന്ധിച്ച് പരിശോധിക്കാം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അധികം പേർക്ക് ജോലികൊടുക്കുവാൻ കഴിയാറില്ല. പി.എസ്.സി. വഴി നിയമനം ഉള്ളതുകൊണ്ടാണത് . എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കൂടി 5,695 പേർക്ക് തൊഴിൽ കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ പുതുക്കുവാൻ രണ്ടുതവണ അവസരം കൊടുത്തു. ഇതിന്റെ ഫലമായി പല കാരണങ്ങളാൽ രജിസ്ട്രേഷൻ ലാപ്സായി പോയ 79,102 പേർക്ക് പുതുക്കാൻ അവസരം ലഭിച്ചു. വിധവകൾക്കും വിവാഹമോചനം നേടിയവർക്കും 10 വർഷത്തെ വയസ്സിളവും പുതിയ പരിഗണനയും നൽകുന്നുണ്ട്. പുതിയ 8 എക്സ്ചേഞ്ചുകൾ തുടങ്ങിയിട്ടുണ്ട്. അംഗവൈകല്യം ഉള്ളവർക്ക് വേണ്ടി കൊല്ലം, എറണാകുളം, കോഴിക്കോട് ഇവിടെയൊക്കെ പുതിയ എക്സ്ചേഞ്ചുകൾ തുടങ്ങിയിട്ടുണ്ട്. ഇവിടെ ശ്രീ. ബാബു ദിവാകരൻ സംസാരിച്ചപ്പോൾ കാലത്തിനൊത്ത ഹൈടെക് കോഴ്സുകൾ വേണമെന്ന് പറഞ്ഞു. ഗവൺമെന്റ് തീരുമാനം എടുക്കുകയും ഈ വർഷം മുതൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഡി.റ്റി.പി., ഇലക്ട്രോണിക്, സർവേയർ, ഡിജിറ്റൽ ഇലക്ട്രോണിക്, കമ്പ്യൂട്ടറൈസ്ഡ് ഡ്രാഫ്റ്റിംഗ് തുടങ്ങിയ ഹൈടെക് കോഴ്സുകളാണ് തുടങ്ങിയത്. ഇക്കൊല്ലം കയ്യൂർ, കുഴൽമന്ദം-കൊല്ലം വനിത പോളിടെക്നിക്, കഴക്കൂട്ടം വനിത പോളിടെക്നിക് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കണമെന്ന് ടി. നാണുമാസ്റ്റർ പറഞ്ഞു. എം.എൽ.എ.മാർ പറഞ്ഞ കാര്യത്തിനാണ് ഞാൻ മറുപടി പറയുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഐ.റ്റി.ഐ. കളിൽ നൽകിയിരുന്ന സ്റ്റൈപ്പന്റ് 40 രൂപയായിരുന്നത് 60 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കഴിയുന്നത്ര ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകാനുമുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാരെക്കുറിച്ച് ആലോചിക്കുവാൻ നമുക്ക് അവസരം കിട്ടുമ്പോൾ അതു വേണ്ടെന്ന് വയ്ക്കുകയാണെങ്കിൽ കേരളത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർ നിങ്ങൾക്ക് മാപ്പ് തരില്ല. ഇതു പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങ് പറഞ്ഞതൊക്കെ ശരിയാണ്. ഇതു ഡിമാന്റ് നമ്പർ XXIV-ൽ വരുന്നതാണ്. എനിക്ക് അറിയാം. ഇതു രണ്ടും ഞാൻ തന്നെയാണ് ഈ സഭയിൽ അവതരിപ്പിച്ചത്. ഇന്നുരാവിലെ ചെയറിൽ ഇരുന്നു കൊണ്ട് ഡോ. കെ. സി. ജോസഫ്, ശ്രീ. സി. എഫ്. തോമസ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിനെക്കുറിച്ച് സംസാരിക്കുമ്പോൾ അതു ഇന്നത്തെ ഡിമാന്റിൽ ഇല്ല, സംസാരിക്കുവാൻ പാടില്ലെന്ന് റൂൾ ചെയ്യുകയുണ്ടായി. അതുകൊണ്ടാണ് ഞങ്ങൾ ഉന്നയിച്ചത്. അങ്ങനെ റൂൾ ചെയ്തു. അതാണ് സംഭവം. അങ്ങ് രേഖ പരിശോധിക്കണം.

ഡോ. കെ. സി. ജോസഫ് : ഇവിടെ ബഹുമാനപ്പെട്ട സി. എഫ്. തോമസ് പ്രസംഗിക്കുമ്പോൾ അതു തൊഴിൽ വകുപ്പിലാണ് ; ലേബർ ആന്റ് എംപ്ലോയ്മെന്റിലാണ്. അതു വരുന്നത് എന്നാണ് ഞാൻ പറഞ്ഞത്. സംസാരിക്കരുതെന്ന് ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹം സംസാരിക്കുകയും ചെയ്തു. അതാണ്. വസ്തുത.

ശ്രീ. എ. സി. ഷൺമുഖദാസ് : അദ്ദേഹം തൊഴിൽ ഉണ്ടാക്കാനുള്ള പദ്ധതിയെക്കുറിച്ചൊന്നും ഈ ഗവൺമെന്റ് പറയുന്നില്ല എന്നു പറഞ്ഞ് തുടങ്ങി. കഴിയുന്നത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുക എന്നതാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ജോലി. ആ ജോലി നിർവഹിക്കുന്നുമുണ്ട്. .....(ബഹളം).....

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് രേഖ പരിശോധിക്കണം.

മി. സ്പീക്കർ : പരിശോധിക്കാം. അങ്ങനെ ഒരു റൂളിംഗ് ഉണ്ടോ എന്ന് പരിശോധിക്കാം. അങ്ങനെ ഒരു റൂളിംഗ് ഉണ്ടെങ്കിൽ അതുനിലനിൽക്കുന്നതല്ല. അത് XXIV-ാം നമ്പർ ഡിമാന്റിൽ ഉൾപ്പെടുന്നതാണ് എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എനിക്കും സംശയമില്ല. പക്ഷെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞപ്പോഴാണ് എനിക്ക് സംശയമുണ്ടായത്. ഉള്ള കാര്യം പറയാം. അത് സ്വാഭാവികമാണ്. അതുകൊണ്ടാണ് ഞാൻ പരിശോധിക്കാമെന്ന് പറഞ്ഞത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഈ വകുപ്പുതന്നെ ഇവിടെ അവതരിപ്പിച്ച് മറുപടി പറഞ്ഞ ആളാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇനി അതിനെക്കുറിച്ച് ക്ലാരിഫിക്കേഷൻ വേണ്ടല്ലോ ? XXIV-ാം നമ്പർ ഡിമാന്റിൽ തൊഴിലും തൊഴിലാളിക്ഷേമവും എന്ന ഡിമാന്റ് 2,230-ലും എന്ന മേജർ ഹെഡ്ഡിൽ, 2,230-2-101-99 എന്ന മൈനർ ഹെഡ്ഡിലാണ് ഇതു വരുന്നത്. ഇതെല്ലാം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ചിട്ടുണ്ട്. അതാണ് നാം പാസ്സാക്കുവാൻ വേണ്ടി പോകുന്നത്. ക്ലിയറായല്ലോ ? വല്ലാത്ത കൺഫ്യൂഷനായിപ്പോയി. ഡിമാന്റ് ഇല്ലാതെ എങ്ങനെയാണ് മറുപടി പറയുക.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, അങ്ങയുടെ റൂളിംഗ് ശരിയാണ്. ശ്രീ. എ. സി. ഷൺമുഖദാസ് പ്രസംഗിക്കുവാൻ അർഹനാണ്. പ്രസംഗിക്കേണ്ടതുമാണ്. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ പ്രതി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷ അംഗങ്ങൾ തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരുടെ കാര്യം മറുന്നുപോയി എന്നുപറഞ്ഞു. ആ ധാരണ ശരിയല്ല. കാരണം ഇവിടെ ശ്രീ. സി. എഫ്. തോമസ് പ്രസംഗം ആരംഭിച്ചതുതന്നെ തൊഴിൽ ഉണ്ടാക്കാനുള്ള പരിപാടികൾ ഇല്ല എന്നു പറഞ്ഞുകൊണ്ടാണ്. അന്നേരം ചെയറിലുണ്ടായിരുന്ന ഡോ. കെ. സി. ജോസഫ് അത് പ്രസംഗിക്കേണ്ടത് ഈ ഡിമാന്റിലല്ല ; എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വേറെയുണ്ട് എന്നു പറഞ്ഞ് അദ്ദേഹത്തെക്കൊണ്ട് പ്രസംഗിപ്പിച്ചില്ല. അതുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾക്ക് തൊഴിലില്ലായ്മയെക്കുറിച്ച് പ്രസംഗിക്കുവാനുള്ള അവസരം നഷ്ടമായത്. വാദിയെ പ്രതിയാക്കരുത് എന്നാണ് എനിക്ക് പറയുവാനുള്ളത്. എന്നാലും അങ്ങയുടെ റൂളിംഗ് അനുസരിക്കുന്നു. തൊഴിലില്ലായ്മയെ കുറിച്ചുള്ള ചർച്ച കളഞ്ഞതിന് ഞങ്ങളല്ല ഉത്തരവാദികൾ, ഞങ്ങൾ സംസാരിക്കുവാൻ ആഗ്രഹിച്ചതാണ്. തുടക്കം ഇട്ടതാണ്. അത് നശിപ്പിക്കുകയുണ്ടായി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വനവും ഗതാഗതവും വകുപ്പുമന്ത്രി ഒരു കറക്ഷൻ എഴുതി തന്നിരുന്നു. അങ്ങേയ്ക്ക് അതു പറയാം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഞാൻ നേരത്തെ സംസാരിച്ചപ്പോൾ കുമിളിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് തുടങ്ങുന്നതെന്ന് പറഞ്ഞിരുന്നു. അതു സബ് ഡിപ്പോയാണ്. അതുപോലെ ചടയമംഗലത്ത് പൂർത്തീകരിച്ചിട്ടുള്ള സബ് ഡിപ്പോ ഉടൻ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ IX — വാഹനനികുതികൾ

മി. സ്പീക്കർ : സർവ്വശ്രീ. ഇ. എം. അഗസ്തി, വി. ബാലറാം, പി. ജെ. ജോയി, പാലോട് രവി, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, പി. ജെ. ഫ്രാൻസിസ്, കെ. സി. വേണുഗോപാൽ, പി. പി. തങ്കച്ചൻ, കെ. എ. ചന്ദ്രൻ, ഡൊമിനിക് പ്രസന്റേഷൻ, എ. കെ. മണി, കെ. സുധാകരൻ, കെ. പി. വിശ്വനാഥൻ, കെ. മുഹമ്മദാലി, ചെർക്കളം അബ്ദുള്ള, സി. ടി. അഹമ്മദ് അലി, ഇസ്ഹാക് കുരിക്കൾ, നാലകത്ത് സൂപ്പി, സി. മൊയീൻകുട്ടി, പി. കെ. കെ. ബാവ, കെ. പി. എ. മജീദ്, ഇ. ടി. മുഹമ്മദ് ബഷീർ, ജോണിനെല്ലൂർ, ഡോ. എം. എ. കുട്ടപ്പൻ, ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി ശോഭനാ ജോർജ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കുന്നു.

വാഹനനികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

955/2010

LIBRARY ARCHIVES Kerala Legislative Assembly